പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2005   12.02.2013-ൽ ഇടക്കാല മറുപടി നല്കിയിരുന്നത്

# ബിവറേജസ് കോർപ്പറേഷന് മദ്യ സംഭരണത്തിന് ഭൂമിയും കെട്ടിടവും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഡോ.ടി.എം.തോമസ് ഐസക്ക് | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

(എ) വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ സൗകര്യം ഉപേക്ഷിച്ച് വിദേശമദ്യസംഭരണത്തിനും വില്പനയക്കുമായി ബിവറേജസ് കോർപ്പറേഷൻ സ്വന്തമായി ഭൂമിയും കെട്ടിടവും വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(എ) നിലവിൽ, 22 വിദേശമദ്യസംഭരണശാലകളും, 338 ചില്ലറവില്പനശാലകളുമാണ് ബിവറേജസ് കോർപ്പറേഷനുള്ളത്. 22 സംഭരണശാലകളിൽ 8 എണ്ണം സ്വകാര്യവ്യക്തികളുടേയും, ഒരെണ്ണം സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന്റെയും, 13 എണ്ണം സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റേതുമാണ്.

താഴെ പറയുന്ന കാരണങ്ങളാൽ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ സ്വന്തമായി കെട്ടിടങ്ങളും, കെട്ടിടങ്ങളുടെ നിർമ്മിതിക്കാവശ്യമായ ഭൂമിയും വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്.

(i). വെയർ ഹൗസുകളുടെയും റീട്ടെയിൽ ഔട്ട്ലെറ്റുകളുടെയും സുഗമമായ പ്രവർത്തനത്തിന്, സ്വന്തമായി കെട്ടിടങ്ങളും മറ്റു സംവിധാനങ്ങളും ആവശ്യമാണ്. വർഷം തോറും കോടിക്കണക്കിനു രൂപയാണ് വാടകയിനത്തിൽ ബിവറേജസ് കോർപ്പറേഷൻ നൽകേണ്ടി വരുന്നത്.

(ii). മിക്ക ഗോഡൗണുകളും ചില്ലറ വില്പനശാലകളും, തിരക്കേറിയ സ്ഥലങ്ങളിലും, പരിമിതമായ സൗകര്യങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. ജീവനക്കാർക്ക്, ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ പോലും ഇത്തരം വാടക കെട്ടിടങ്ങളിൽ ലഭ്യമല്ല.

(iii). ബിവറേജസ് കോർപ്പറേഷന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടായാൽ, വാടക ഇനത്തിൽ വർഷം തോറും നല്കുന്ന ഭീമമായ തുക ലാഭി ക്കുവാൻ കഴിയും. കൂടാതെ ടി കോർ പ്പറേഷന്റെ വകയായി കെട്ടിടമുണ്ടാ കുകയാണെങ്കിൽ അവയുടെ മൂല്യവ ർദ്ധി, പ്രസ്തുത കോർപ്പറേഷന് ലഭിക്കു മെന്നതു കൂടാതെ, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിലും, തിരക്കേറിയ ജംഗ്ഷൻ, റോഡുകൾ എന്നിവ ഒഴിവാക്കിയും, സൗകര്യപ്രദ മായ സ്ഥലങ്ങളിൽ ഗോഡൗണുകളും ചില്ലറവില്പനശാലകളും സ്ഥാപിക്കു വാൻ കഴിയും.

(ബി) പ്രസ്തുത തീരുമാനം പ്രഖ്യാപിത മദ്യ നയത്തിന് എതിരാകില്ലേ;

(ബി) ബിവറേജസ് കോർപ്പറേഷന് സ്വന്തമാ യി കെട്ടിടമുണ്ടാകുന്നത്, പ്രഖ്യാപിത മദ്യനയത്തിനെതിരല്ല.

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സം സ്ഥാന വെയർഹൗസിംഗ് കോർപ്പ റേഷനെ പ്രസ്തുത തീരുമാനം കൂടുത ൽ ദോഷകരമായി ബാധിക്കില്ലേ;

(സി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(ഡി) ബിവറേജസ് കോർപ്പറേഷൻ സ്വന്ത മായി മദ്യം ഉല്പാദിപ്പിക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോ; ഇല്ലെങ്കി ൽ ഭാവിയിൽ ഇതിനായി ആലോചി ക്കുന്നുണ്ടോ?

(ഡി) സ്വന്തമായി മദ്യം ഉത്പാദിപ്പിക്കാൻ, ബിവറേജസ് കോർപ്പറേഷൻ തീരുമാ നിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.